കേസ് നമ്പർ. _____

		ടെക്സസ് ഫോർട്ട്
സ്റ്റേറ്റ് ഓഫ് ടെക്സസ്	§	ബെൻഡ് കൗണ്ടി ദേശത്തെ ---
vs.	§	നമ്പർ നിയമ പ്രകാരം കൗണ്ടി
_____	§	നീതിന്യായ
		കോടതി മുമ്പാകെ

ഉത്തരവും കോടതി ചെലവ് പുനഃക്രമീകരണവും
ORDER AND COURT COST RESET

മേൽ നമ്പർ കേസിലെ പ്രതി ചുവടെ കൊടുത്തിരിക്കുന്നവ ഒടുക്കാൻ ഉത്തരവായിരിക്കുന്നു.

പിഴ: $_____

കോടതി ചെലവുകൾ: $_____

ആകെ: $_____

കോടതി ചെലവുകൾ, ഫീസുകൾ, പിഴകൾ എന്നിവ ഒടുക്കാനുള്ള പ്രതിയുടെ നിവൃത്തികേടിന്റെ പ്രസ്താവന കേട്ട ശേഷം മുകളിൽ പറഞ്ഞിരിക്കുന്ന ആകെ തുക 20____ വർഷം _____ മാസം _____ തീയതി _____ മണിക്ക് ("കടപ്പെട്ടിരിക്കുന്ന ദിവസം") മുമ്പായി പ്രതി ഒടുക്കേണ്ടതാണെന്ന് ടെക്സസ് ക്രിമിനൽ നടപടിക്രമം വകുപ്പ് 42.15(a-1) അനുസരിച്ച് കോടതി തീരുമാനിച്ചിട്ടുള്ളതാകുന്നു. കടപ്പെട്ടിരിക്കുന്ന ദിവസത്തിലോ അതിനുമുമ്പോ ആകെ തുക അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ കടപ്പെട്ടിരിക്കുന്ന ദിവസം പ്രതി ഹാജരാകേണ്ടതാണ്. കടപ്പെട്ടിരിക്കുന്ന ദിവസത്തിന് മുമ്പ് ആകെ തുക ഒടുക്കിയാൽ കോടതിയിൽ ഹാജരാകുന്നതിൽ നിന്നും പ്രതിയെ ഒഴിവാക്കുന്നതാണ്. പ്രതി തുക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുകയും കോടതി മുമ്പാകെ ഹാജരാകാതിരിക്കുകയും ചെയ്താൽ ആയത് വാറണ്ട് അല്ലെങ്കിൽ കാപിയാസ് പുറപ്പെടുവിക്കുന്നതിന് കാരണമാകാം.

മേൽപറഞ്ഞ നിശ്ചിത ദിവസത്തിന് മുമ്പ്, ഫോർട്ട് ബെൻഡ് കൗണ്ടി ക്ലെർക്ക്, 1422 യൂജിൻ ഹെയ്മാൻ സർക്കിൾ, റിച്ച്മണ്ട്, ടെക്സസ് 77469-ലേക്ക് പ്രതിക്ക് നേരിട്ടോ അല്ലെങ്കിൽ മെയിൽ വഴിയോ തുക ഒടുക്കാവുന്നതാണ്. ഫോർട്ട് ബെൻഡ് കൗണ്ടി ക്ലർക്കിന്റെ വെബ്സൈറ്റായ www.fortbendcountytx.gov ലേക്കും തുക ഒടുക്കാവുന്നതാണ്. മെയിൽ വഴിയുള്ള പണമയയ്ക്കൽ ഫോർട്ട് ബെൻഡ് കൗണ്ടി ക്ലർക്കിന്റെ പേരിൽ മാറാവുന്ന കാഷ്യേർസ് ചെക്ക് അല്ലെങ്കിൽ മണി ഓർഡർ രൂപത്തിലായിരിക്കേണ്ടതാണ്. വ്യക്തിപരമായതോ സംഘടനയുടേതോ ആയ ചെക്കുകൾ കൗണ്ടി ക്ലർക്ക് സ്വീകരിക്കുന്നതല്ലാത്തതും മേൽപറഞ്ഞ അഡ്രസ്സിൽ നേരിട്ട് നല്കുന്നതല്ലാത്ത പണം കൗണ്ടി ക്ലർക്ക് സ്വീകരിക്കാത്തതുമാകുന്നു.

കോടതി നല്കിയിരിക്കുന്ന കടപ്പെട്ടിരിക്കുന്ന ദിവസം എന്തുതന്നെയായാലും, ഈ ഉത്തരവ് മുതൽ 30 ദിവസത്തിനകം മേൽപറഞ്ഞ തുക നൽകേണ്ടതാണ്. ഈ ഉത്തരവ് മുതൽ 30 ദിവസത്തിനു ശേഷം പിഴയും കോടതി ചെലവുകളും അടയ്ക്കാൻ പ്രതി തീരുമാനിക്കുന്ന പക്ഷം അധികമായി പ്രതി, ഫോർട്ട് ബെൻഡ് കൗണ്ടി ക്ലർക്കിന് $25.00 ഒടുക്കേണ്ടതാണ്. ടെക്സസ് ക്രിമിനൽ നടപടിക്രമം അദ്ധ്യായം 103 അനുസരിച്ചുള്ള അധികസമാഹരണ ഫീസും പ്രതി ഒടുക്കേണ്ടതായി വന്നേക്കാം

20_____ വർഷം _____ മാസം _____ തീയതി ഒപ്പ് വച്ചിരിക്കുന്നു

_____ _____

പ്രതി അദ്ധ്യക്ഷനായ ജഡ്ജി

കൗണ്ടി ക്ലർക്ക്